# 12

# എല്ലാറ്റിന്റേയും സാരം കേൾക്കുക
## (സഭാപ്രസംഗി 11; 12)

ഇപ്പോൾ നാം ശലോമോന്റെ കത്തെലുകളെ പരിഗണിക്കുകയാണ്, ശലോമോന്റെ എല്ലാ പരീക്ഷണങ്ങളേയും നിരീക്ഷണങ്ങളേയും നമുക്ക് ചിന്തിക്കാം. അവൻ എല്ലാം പരിശ്രമിച്ച് പഠിച്ചു - പരീക്ഷണത്താലും തെറ്റുകളാലും, കൂടാതെ ജ്ഞാനത്താലും അനുഭവങ്ങളാലും - പ്രാധാന്യമുള്ളതും പ്രാധാന്യമില്ലാത്തതും.

സൈദ്ധാന്തികമായി, ഏതാ് ശാസ്ത്രീയപരമായി, അവൻ സന്തോഷം കത്തുവാനായ ശ്രമം നടത്തി. അവന്റെ ആയുസ് കുറഞ്ഞുകൊിരുന്നപ്പോൾ, അവൻ തന്റെ കത്തെലുകളെ വെളിപ്പെടുത്തുവാൻ തുടങ്ങി. ശലോമോനെ പോലെ ആയിരക്കണക്കിന് ആളുകൾ ഇതേ പരിശോധനകൾ നടത്തുകയും ഇതേ തീർപ്പുകളിലെത്തിച്ചേരുകയും ചെയ്തു, എന്നാൽ അവരാരും ഇതേപോലെയുള്ള ദൈവശ്വാസിയ തീർപ്പിലെത്തിച്ചേർന്നിട്ടില്ല. ശലോമോന്റെ വാക്കുകൾക്ക് സമയപരിധിയില്ല. ലോകം ഒരു ദശലക്ഷം വർഷം തുടർന്നുകൊിരുന്നാലും ആ സന്ദേശം ആരംഭത്തിലേതുപോലെ ഉപയോഗപ്രദവും സത്യവും ആയിരിക്കും.

ജീവിതത്തെ കുറിച്ചുള്ള ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ ദൈവത്തിലാണെന്ന് സംശയരഹിതമായി തെളിയിക്കുന്നതാണ് സഭാപ്രസംഗികൾ 11 ഉം 12 ഉം. ഭൂമിയും അതിന്റെ പൂർണ്ണതയും യഹോവക്കുള്ളതാകുന്നു (സങ്കീർത്തനങ്ങൾ 24:1). നാമെല്ലാം ദൈവത്തിന്റെ സൃഷ്ടികളാണ്. നാം ഇവിടെ വന്നിരിക്കുന്നതെന്തിനാണെന്നറിയുവാൻ, ദൈവത്തിന്റെ പുസ്തകമായ ബൈബിൾ നോക്കണം.

### ദൈവത്തിൽ ആശ്രയിക്കുക (11:1-6)

അദ്ധ്യായം 11 തുടങ്ങുന്നു, "നിന്റെ അപ്പത്തെ വെള്ളത്തിന്മേൽ എറിക, ഏറിയനാൾ കഴിഞ്ഞിട്ട് നിനക്ക് അതു കിട്ടും." അപ്പം വെള്ളത്തിൽ എറിയുക എന്നത് അർത്ഥശൂന്യമായി തോന്നിയേക്കാം. അതു കുറച്ചു നേരത്തേക്ക് മാത്രം വെള്ളത്തിന്മേൽ പാറി നടക്കും, പിന്നെ അത് എന്നേക്കുമായി അപ്രത്യക്ഷമാകും. അപ്പം വെള്ളത്തിൽ എറിഞ്ഞാൽ എന്തു പ്രയോജനമാണ് കിട്ടുക? അതാണ് കൃത്യമായും ശലോമോൻ ചിത്രീകരിക്കുന്നത് - ചില നല്ല പ്രവൃത്തികൾ നിഷ്പ്രയോജനമെന്ന് തോന്നും, അതു ചെയ്യുവാൻ തക്കതായ കാരണം പോലും കാണുകയില്ല. നാം ചെയ്യുന്നതിന്റെ ഫലങ്ങൾ നമുക്ക് എപ്പോഴും കാണുവാൻ കഴിയുകയില്ല. നാം ചെയ്യുന്നതുകൊ് ദൈവത്തിന് എന്തു ഗുണമാണ് ലഭിക്കുക എന്നറിയാത്തതുകൊ്, ഫലത്തെ അളക്കുവാൻ നമുക്ക് കഴിയുകയില്ല. ദൈവം എങ്ങനെ പ്രവർത്തിക്കുന്നു എന്ന് നമുക്ക് അറിയുവാൻ സാധ്യമല്ല. പൗലൊസ് പറഞ്ഞു, "ഞാൻ നട്ടു, അപ്പല്ലോസ് നനച്ചു, ദൈവമത്രെ വളരുമാറാക്കിയത്" (കൊരിന്ത്യർ 3:6). നാം തുടർച്ചയായി ദൈവത്തിനായി

വേല ചെയ്തുകൊിരുന്നാൽ, അത് പ്രയോജനമില്ലെന്ന് തോന്നിയാലും, അവസാനം ഗുണം ലഭിക്കുക തന്നെ ചെയ്യും.

പിന്നെ, നാം ഉപദേശം കാണുന്നു, “ഒരു ഓഹരിയെ ഏഴായിട്ടോ എട്ടായിട്ടോ വിഭാഗിച്ചുകൊൾക, ഭൂമിയിൽ എന്തനർത്ഥം സംഭവിക്കും എന്ന് നീ അറിയുന്നില്ലല്ലൊ” (11:2). “ഏഴ്” എന്നതും “എട്ട്” എന്നതും തീർച്ചയില്ലാത്ത സംഖ്യയാണ്, അർത്ഥം “അതെത്രത്തോളം ആയാലും” എന്നാണ്. നമുക്ക് കഴിവുള്ള എല്ലാ നല്ല പ്രവൃത്തികളും ചെയ്യുക, കാരണം നമുക്ക് എപ്പോഴാണ് സഹായം ആവശ്യമുള്ളത് എന്നു നാം അറിയുന്നില്ലല്ലൊ. പ്രകൃതിയുടെ ഗതി മാറ്റുവാൻ നമുക്കാവില്ല. മേഘം വെള്ളം കൊനിറഞ്ഞാൽ അതു ശൂന്യമാകും (11:3). മരം എവിടെ വീഴുമെന്ന് നമുക്ക് അറിയില്ല. മിന്നൽ അതിനെ വീഴ്ത്തിയേക്കാം, അല്ലെങ്കിൽ കാറ്റ് മറിച്ചിട്ടേക്കാം. അത് എവിടെ വീണാലും, അവിടെ കിടക്കും (11:1). പ്രകൃതി സംഭവങ്ങൾ നമ്മിൽ ഏതൊരു സമയത്തും ഉാകാം, അതിനെ നിയന്ത്രിക്കുവാൻ നമുക്ക് സാധ്യമല്ല.

ആവശ്യമുള്ളവർക്ക് വിതരണം ചെയ്യേതിന് തങ്ങളുടെ വസ്തുവകകൾ വിറ്റുകിട്ടിയ പണം ആദ്യ ക്രിസ്ത്യാനികൾ അപ്പൊസ്തലന്മാരുടെ കാൽക്കൽ കൊുവരാനിടയാക്കിയ മനോഭാവവും ഇതുതന്നെയായിരുന്നു (പ്രവൃത്തികൾ 2:44, 45; 4:32-37). ഇങ്ങനെ കൊടുത്തവർക്ക് പിന്നീട് ആവശ്യമുാകുമ്പോൾ മറ്റുള്ളവർ സഹായിക്കും. ഇതായിരുന്നു ദൈവത്തിന്റെ ഇൻഷുറൻസ് പദ്ധതി.

പ്രകൃതി നിയമങ്ങളെ കൂടുതൽ പേടിച്ചിരിക്കുന്നവർ ഒന്നും ചെയ്യുകയില്ല. നാം കാറ്റിനെ ഭയന്നിരുന്നാൽ, വിത്ത് വിതെക്കുകയില്ല. മേഘങ്ങൾ കൂടുമ്പോൾ, മഴപെയ്യുമെന്ന ഭയത്താൽ, നാം കൊയ്യുകയില്ല. പ്രകൃതിവിരോധത്തെ അവഗണിക്കുന്നതും ഭോഷത്വമാണ്, എന്നാൽ പ്രയാസങ്ങളെ അമിതമായി ചിന്തിക്കുന്നതു ഒന്നും നേടാനാകാതെ നിരുൽസാഹപ്പെടുത്തും.

ജീവിതത്തിൽ സംഭവിക്കുന്നതെല്ലാം നമുക്ക് മനസിലാക്കാവുന്നതല്ല (11:5). ഒരു ശിശു ജനിക്കുന്നതിന് മുൻപ് അമ്മയുടെ ഉദരത്തിൽ അതിന്റെ അസ്ഥിരൂപപ്പെടുന്നതെങ്ങനെ എന്നോ മനുഷ്യ മനസ് എങ്ങനെ പ്രവർത്തിക്കുന്നുവെന്നോ നമുക്ക് അറിയില്ല. ദൈവത്തിന്റെ പ്രവർത്തികളും നമുക്ക് അറിയില്ല, ഇതെല്ലാം സംഭവിപ്പിക്കുമാറാക്കുന്നത് ദൈവമാണ്. നമ്മുടെ പ്രവൃത്തികൾക്ക് ഗ്രാഹ്യക്കുറവ് തടസമാക്കുവാൻ അനുവദിക്കരുത്.

നാം ദൈവത്തിൽ ആശ്രയിച്ച് പ്രവർത്തിച്ചുകൊയേിരിക്കണം. നമ്മുടെ പ്രയത്നം നാം പ്രഭാതത്തിൽ ആരംഭിച്ച് വൈകുന്നേരംവരെ ജാഗ്രതയോടെ തുടരണം. എന്തായിരിക്കും ഏറ്റവും ഫലപ്രദമെന്ന് നമുക്ക് അറിയില്ല. അത് ദൈവം നമ്മുടെ പരിശ്രമങ്ങളെ എങ്ങനെ അനുഗ്രഹിക്കുമെന്നതിന്റെ അടിസ്ഥാനത്തിലായിരിക്കും. അത് പ്രഭാതത്തിൽ വിതെക്കുന്ന വിത്തും വൈകുന്നേരം വിതെക്കുന്ന വിത്തും ഫലപ്രദമാകുന്നതുപോലെയായിരിക്കും (11:6).

### ഇന്ന് കർത്താവിൽ സന്തോഷിക്കുക (11:7-10)

ജീവിതത്തെ ആസ്വദിക്കുക എന്നത് മനോഹരമാണ് (11:7, 8). “സൂര്യനെ കാണുക” എന്ന പ്രയോഗത്തിന്റെ പൊതുവായ അർത്ഥം “ജീവിതം ആസ്വദിക്കുക” എന്നതാണ്. ശലോമോൻ ആയുഷ്-ക്കാലത്തെ ആവർത്തിച്ച് “സൂര്യനു കീഴെ” എന്ന പ്രയോഗത്താൽ സൂചിപ്പിച്ചിരിക്കുന്നു. കണ്ണുകൾക്ക് പകൽ വെളിച്ചം കാണുന്ന ദിവസങ്ങളാണ് ഭൂമിയിലെ ജീവിതദിവസങ്ങൾ. “ജീവനോടെ ഇരിക്കുക എന്നതാണ് മഹത്തായകാര്യം” എന്നാണ് ശലോ

മോൻ പറഞ്ഞത്.

നമുക്ക് കഴിയുന്നേടത്തോളം ജീവിക്കുവാനും ജീവിതത്തിലെ ഓരോ ദിവസവും സന്തോഷിക്കുവാനാണ് വാക്യം 8 ൽ നമ്മോട് പറയുന്നത്. ഒരു ദിവസം നാം മരിക്കുമെന്ന ഓർമ്മയുങ്കെിൽ, ജീവിതത്തിൽ ഏറ്റവും നല്ലതു നേടുവാൻ നാം പ്രചോദിതരാകും. "ഇരുട്ടുള്ള ദിവസങ്ങൾ" എന്നു സൂചിപ്പിച്ചിരിക്കുന്നത് ഒരുപക്ഷെ കല്ലറക്കുള്ളിലെ ദിവസങ്ങൾ ആയിരിക്കാം (9:10). ഇവിടത്തെ ജീവിതവുമായി താരതമ്യം ചെയ്യുമ്പോൾ നിത്യത ദൈർഘ്യമേറിയതാണ്. ശവക്കുഴിയെ ശലോമോൻ മനുഷ്യന്റെ "ശാശ്വതഭവനമായി" കിരിക്കുന്നു (12:5). മരിക്കുമെന്ന തിരിച്ചറിവ് ജീവിതം പൂർണ്ണമായി ജീവിക്കുവാൻ നമ്മെ പ്രേരിപ്പിക്കുന്നു. നാം എങ്ങനെ മരിക്കണം എന്നറിയാതെ എങ്ങനെ നാം വാസ്തവത്തിൽ ജീവിക്കണമെന്നറിയുന്നില്ല എന്ന വസ്തുതക്കാണ് ഇത് വീും-ഊന്നൽ നൽകുന്നത്.

അടുത്തത്, നാം വായിക്കുന്നു, "യൗവനക്കാരാ, നിന്റെ യൗവനത്തിൽ സന്തോഷിക്ക, യൗവനകാലത്തിൽ നിന്റെ ഹൃദയം സന്തോഷിക്കട്ടെ" (11:9). "നിങ്ങൾ യുവാവായിരിക്കുമ്പോൾ സന്തോഷിക്കുവാനാണ് ശലോമോൻ പറയുന്നത്. നിങ്ങൾ ജീവിതം ആസ്വദിക്കുവാനാണ് ആഗ്രഹിക്കുന്നത്. സന്തോഷമുള്ള ഹൃദയം നിങ്ങൾക്കുാകട്ടെ. കണ്ണു തുറന്നു നിങ്ങൾക്കു ചുറ്റുമുള്ളത് കാണുക, എന്നാൽ പാപേഛകളാണ് നിങ്ങളെ സന്തോഷിപ്പിക്കുന്നത് എന്നു കരുതി വഞ്ചിതരാകരുത്. നിങ്ങളുടെ ഓരോ പ്രവൃത്തികൾക്കും നിങ്ങൾ ദൈവത്തോട് കണക്കു കൊടുക്കേിവരും എന്നോർക്കുക."

പാപത്തിന്റെ ഭോഗേഛയാൽ ഉല്ലസിക്കുന്നതിന്റെ പര്യായമല്ല ജീവിതത്തിൽ സന്തോഷം കത്തെുന്നത് (എബ്രായർ 11:25). സന്തോഷത്തോടെ ജീവിച്ച് ദുഃഖം അകറ്റുവാനാണ് ദൈവം ആഗ്രഹിക്കുന്നത്. നമ്മുടെ ജഡത്തിൽനിന്ന് തിന്മ നീക്കിക്കളയുവാനും അവൻ ആഗ്രഹിക്കുന്നു. നീതിയുള്ള ജീവിതമാണ് സന്തോഷമുള്ള ജീവിതം. പാപത്തിന്റെ ഭോഗേഛയാൽ സന്തോഷിക്കുവാൻ ആഗ്രഹിക്കുന്നത് അർത്ഥശൂന്യമാണ്.

### നിന്റെ യൗവനകാലത്ത് ദൈവത്തെ ഓർക്കുക (12:1-8)

പ്രായമാകുന്നതിന് മുൻപ് തുടങ്ങുകയാണെങ്കിൽ നമുക്ക് നന്നായി ദൈവത്തെ മഹത്വപ്പെടുത്തുവാൻ കഴിയും. ശലോമോൻ എഴുതി, "നിന്റെ യൗവനകാലത്ത് നിന്റെ സൃഷ്ടാവിനെ ഓർത്തുകൊൾക, ദുർദ്ദിവസങ്ങൾ വരികയും, 'എനിക്ക് ഇഷ്ടമില്ല' എന്ന് നീ പറയുന്ന കാലം സമീപിക്കുകയും ചെയ്യും" (12:1). പ്രായമാകുമ്പോൾ ജീവിതം ആസ്വദിക്കുക പ്രയാസമാണ്. ദൈവത്തെ കൂടാതെ പ്രായമാകുന്ന മിക്കപേരും ദൈവത്തെ കൂടാതെ മരിക്കും. ദൈവത്തിങ്കലേക്ക് തിരിയുവാൻ പ്രായമാകട്ടെ എന്ന് വിചാരിച്ചാൽ, അപ്പോൾ വളരെ പ്രയാസമായിരിക്കും. കണക്കുകൾ പരിശോധിച്ചാൽ, ഒരാൾ പ്രായം ചെല്ലുന്തോറും ക്രിസ്തുവിലേക്ക് തിരിയുന്നതിന്റെ സാധ്യത കുറഞ്ഞാണ് കാണുന്നത്. ലോകത്തിൽ എവിടെയെല്ലാം സുവിശേഷം എത്തിയിട്ടുാ, അവിടെയെല്ലാം പ്രതികരിച്ച ആളുകളിലധികവും യുവാക്കളാണ്.

പ്രായമാകുമ്പോൾ ദൈവത്തിലേക്ക് തിരിയുന്നവർ കുറയുന്നത് എന്തുകൊാണ്? പ്രായമാകുന്നതിന്റെ ഫലങ്ങളുടെ ദൃഷ്ടാന്തപരമ്പര തന്നെ വാക്യം 2 മുതൽ 7 വരെ നാം കാണുന്നു്:

സൂര്യനും ചന്ദ്രനും വെളിച്ചവും നക്ഷത്രങ്ങളും ഇരുണ്ടുപോകയും മഴ പെയ്തശേഷം മേഘങ്ങൾ മടങ്ങിവരികയും ചെയ്യും മുമ്പെ തന്നെ. അന്നു വീട്ടുകാവൽക്കാർ വിറെക്കും ബലവാന്മാർ കുനിയും അരെക്കുന്നവർ ചുരുക്കമാകയാൽ അടങ്ങിയിരിക്കും. കിളിവാതിലിൽകൂടെ നോക്കുന്നവർ അന്ധന്മാരാകും. തെരുവിലെ കതകുകൾ അടയും, അരെക്കുന്ന ശബ്ദം മന്ദമാകും, പക്ഷികളുടെ ശബ്ദത്തിൽ ഉണർന്നുപോകും, പാട്ടുകാരത്തികൾ ഒക്കെയും തളരുകയും ചെയ്യും. അന്ന് അവർ കയറ്റത്തെ പേടിക്കും, വഴിയിൽ ഭീതികൾ ഉള്ളതായി തോന്നും. ബദാംവൃക്ഷം പൂക്കും, തുള്ളൻ ഇഴഞ്ഞു നടക്കും, രോചനക്കുരു ഫലിക്കാതെ വരും, മനുഷ്യൻ തന്റെ ശാശ്വതഭവനത്തിലേക്ക് പോകും, വിലാപം കഴിക്കുന്നവർ വീഥിയിൽ ചുറ്റി സഞ്ചരിക്കും, അന്ന് വെള്ളിച്ചരട് അറ്റുപോകും, പൊൻകിണ്ണം തകരും, ഉറവിങ്കലെ കുടം ഉടയും, കിണറ്റിങ്കലെ ചക്രം തകരും, പൊടി പ് ആയിരുന്നതുപോലെ ഭൂമിയിലേക്ക് തിരികെച്ചേരും. ആത്മാവ് അതിനെ നൽകിയ ദൈവത്തിങ്കലേക്ക് മടങ്ങിപോകും.

പ്രായമാകുമ്പോൾ ഇന്ദ്രിയങ്ങളെല്ലാം മന്ദമായിത്തീരും. കൈകൾ (വീട്ടുകാവൽക്കാരന്റെ) വിറെക്കുവാൻ തുടങ്ങും. കാലുകൾ (ബലവാൻ) കുനിയുവാൻ തുടങ്ങും. പല്ലുകൾ (അരെക്കുന്നവന്റെ) നിശബ്ദമാകും, കണ്ണുകൾ (ജനലുകൾ) മങ്ങുവാൻ തുടങ്ങും, ശരീരം ഒരിക്കൽ തലച്ചോറിന്റെ ആജ്ഞകൾക്കനുസരിച്ചു പ്രവർത്തിച്ചിരുന്നുവെങ്കിൽ, ഇപ്പോൾ പ്രതികരിക്കുന്നില്ല. പ്രായമാകുന്നവർ ദൈവത്തിനുവേ ജീവിക്കുന്നത് ഓർക്കുമ്പോൾ നിരുൽസാഹരായിത്തീരും. ജീവിതത്തിന്റെ നല്ല ഭാഗം അവർ പാഴാക്കിക്കളഞ്ഞു എന്ന് ഓർത്ത് അവർ ദുഃഖിക്കും. ഇനി ദൈവത്തിന് നൽകുവാൻ അവരിൽ അധികം സമയമോ ഊർജ്ജമോ ബാക്കിയില്ല എന്ന് അവർ ചിന്തിക്കും. പ്രായമാകുമ്പോൾ തങ്ങളുടെ പാപങ്ങൾ ക്ഷമിച്ച് തങ്ങളെ സ്വീകരിക്കണമെന്ന് ദൈവത്തോട് പറയുന്നത് ന്യായമല്ല എന്ന് അവർ വിശ്വസിക്കുന്നു. തീർച്ചയായും അത് വാസ്തവമല്ല. യുവാക്കളായാലും, പ്രായമായവരായാലും - ആത്മാർത്ഥമായി മാനസാന്തരപ്പെടുകയും അവന് കീഴ്പ്പെട്ട് അനുസരിക്കയും ചെയ്യുന്ന ഏതൊരു പ്രായക്കാരെയും ദൈവം സ്വീകരിക്കും.

പ്രായമായ മനുഷ്യനെ കുറിച്ചുള്ള വാച്യചിത്രം ശലോമോൻ തുടരുന്നു. ചെവി കേൾക്കുവാൻ മന്ദമാകുന്നു (വീഥികളിലെ വാതിലുകൾ അടെക്കുകയും മില്ലുകളിലെ ശബ്ദം മന്ദമാകുകയും ചെയ്യും), എങ്കിലും പ്രായമാകുന്നവരുടെ നിദ്ര മന്ദമാകുന്നതുകൊ് ഒരു പക്ഷിയുടെ ശബ്ദം പോലും അവരെ പ്രഭാതത്തിൽ തന്നെ ഉണർത്തും. സംഗീതത്തിന്റെ ശബ്ദവും താഴ്ന്നുപോകുന്നു (പാട്ടുകാരത്തികളെല്ലാം മൃദുവായിട്ടേ പാടുന്നുള്ളു). പ്രായമാകുന്തോറും ഭയം ഉയരും. മുടി നരെക്കും (ബദാംവൃക്ഷം പൂക്കും). അവന്റെ ചുമലിൽ പിന്നെ ഭാരങ്ങൾ വഹിപ്പാൻ കഴിയുകയില്ല (പച്ചിലപ്പശു അവനെ വലിച്ചുകൊുപോകും), അവന്റെ ഭൗതികമായ ആഗ്രഹങ്ങൾ പരാജയപ്പെടും (തുള്ളൻ ഫലിക്കാതെപോകും). ഉടനെ അവൻ തന്റെ ശാശ്വതഭവനത്തിലേക്കു പോകുവാനിരിക്കുന്നു എന്ന് അവനറിയാം, വിലപിക്കുന്നവർ വീഥികളിലേക്കും പോകും.

ര് അലങ്കാരത്തോടെയാണ് 12:6-ൽ മരണത്തെ സൂചിപ്പിച്ചിരിക്കുന്നത്: "അന്ന് വെള്ളിച്ചരട് അറ്റുപോകും, പൊൻകിണ്ണം തകരും, ഉറവിങ്കലെ കുടം

ഉടയും, കിണറ്റിങ്കലെ ചക്രം തകരും." ജീവിതത്തിന്റെ വെള്ളിച്ചരട് അറ്റുപേ ാകുമ്പോൾ, വിളക്ക് വീണ് ഉടഞ്ഞുപോകും. മറ്റൊരു ചിത്രീകരണത്തിൽ ചക്രം തകരുകയും, കുടം ഉടയുകയും ചെയ്യുമെന്നാണ് പറഞ്ഞിരിക്കുന്നത്. ശരീരം അതെടുത്ത സ്ഥാനത്തേക്ക് തന്നെ തിരികെ ചേരും (ഉൽപത്തി 2:7), ആത്മാവ്, അത് നല്കിയ ദൈവത്തിങ്കലേക്കും മടങ്ങി പോകും (12:7, 8). നാം ദൈവത്തിനായി എന്തു ചെയ്യുവാനാഗ്രഹിച്ചാലും, ആ സമയത്തിനു മുൻപ ായി ചെയ്യുക. നിത്യതക്കുവേി എന്തു തയ്യാറെടുപ്പ് എടുക്കേണമോ, അതെല്ലാം അതിനു മുൻപായി ചെയ്തു തീർക്കണം. ആ തയ്യാറെടുപ്പ് ഉപേക്ഷിക്കുന്നവർ അന്ത്യ കണക്കെടുപ്പിൽ നിഷ്പ്രയോജനവും വ്യർത്ഥവുമാകും.

## സത്യം തിരിച്ചറിയുക (12:9-14)

പ്രതിസന്ധികളുായിരുന്നിട്ടും, ശലോമോൻ എന്ന ഉപദേഷ്ടാവിന്, തന്റെ ജ്ഞാനം മറ്റുള്ളവരുമായി പങ്കിടുവാൻ കഴിഞ്ഞു. തന്റെ ജനത്തെ പഠിപ്പിക്കു വാൻ അവൻ അനവധി സദൃശവാക്യങ്ങൾ രൂപപ്പെടുത്തി. സത്യത്തിന്റേയും നീതിയുടേയും വാക്കുകൾ ശരിയായി ആശയവിനിമയം നടത്തുവാൻ അവൻ ഗവേഷണം നടത്തിയിട്ടു് (12:9, 10).

മനസാക്ഷിയിൽ ഉത്തേജനം നൽകി പ്രവർത്തിക്കുവാൻ പ്രേരണ ന ൽകുന്നതാണ് ജ്ഞാനിയുടെ വാക്കുകൾ (12:11). മുടികോലിന്, മൂർച്ചയുള്ള അഗ്രമുാകും അല്ലെങ്കിൽ പൂട്ടുകാളയെ മെരുക്കുവാൻ വടി ഉപയോഗിക്കും. അവരുടെ ഉപദേഷ്ടാക്കന്മാർ ആ സദൃശവാക്യങ്ങളെ വീട്ടിൽ ആണി അടി ക്കുന്നതുപോലെ ഉറപ്പിച്ചിരിക്കും.

പിന്നെ ശലോമോൻ, കേൾക്കുന്നതും പഠിപ്പിക്കുന്നതും ശ്രദ്ധിച്ചുവേണ മെന്ന് മകനെ പ്രബോധിപ്പിക്കുന്നു് (12:12). അറിവുന്ന് അവകാശപ്പെടുന്നവർ അവസാനിക്കാത്ത അഭിപ്രായപ്രകടനങ്ങൾ നടത്തും. അവ പഠിച്ച് ശരിയായത് കുപിടിക്കുക പ്രയാസമാണ്, എന്നാൽ നമ്മെ പഠിപ്പിക്കുന്നത് നാം പരിശോ ധിക്കണം. സത്യമല്ലാത്തതൊന്നും ജ്ഞാനമല്ല.

ശലോമോൻ, വർഷങ്ങളോളം തന്റെ ജ്ഞാനം എല്ലാം ഉപയോഗിച്ച് ജീവിതത്തിന്റെ അർത്ഥമെന്തെന്ന് അന്വേഷണം നടത്തി. സഭാപ്രസംഗിയുടെ അവസാനം അവൻ എഴുതി, "എല്ലാറ്റിന്റേയും സാരം കേൾക്കുക, ദൈവത്തെ ഭയപ്പെട്ട് അവന്റെ കല്പനകളെ പ്രമാണിച്ചുകൊൾക. അത് ആകുന്നു സകല മനുഷ്യർക്കും വേത്" (12:13, 14).

## ഉപസംഹാരം

ശലോമോന്റെ തീർപ്പ് തന്നെ ആയിരിക്കണം നമ്മുടേയും തീർപ്പ്. "ദൈവത്തെ ഭയന്ന് അവന്റെ കല്പനകളെ പ്രമാണിച്ചുകൊൾക." ജീവിതം എന്നാൽ അതാണ്! ദൈവത്തിനായി ജീവിക്കയും ന്യായവിധിക്കായി ഒരു ങ്ങുകയും ചെയ്യുക എന്നതാണ് ഏറ്റവും നല്ല ജ്ഞാനമുള്ള പഠനം (മത്തായി 25:31–46). നാം ചെയ്യുന്നത് നല്ലതായാലും മോശമായതായാലും, രഹസ്യത്തിൽ ചെയ്യുന്നതായാൽ പോലും, ഓരോ പ്രവൃത്തിക്കും നാം കണക്കു കൊടുക്ക ണം. ആ ദിവസത്തെ കുറിച്ച് "ക്രിസ്തുയേശു മുഖാന്തരം ദൈവം സകല രഹ സ്യങ്ങളെയും ന്യായം വിധിക്കും" എന്നാണ് പൗലൊസ് പറഞ്ഞിരിക്കുന്നത് (റോമർ 2:16). ദൈവത്തെ ഭയന്ന് അവന്റെ കല്പനകളെ അനുസരിച്ചവർക്ക് ആ ദിവസത്തിൽ സന്തോഷിക്കുവാൻ കഴിയും (1 പത്രൊസ് 4:13).